പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1673 15.02.2016 - ൽ മറുപടിയ്ക്ക്

## വയോജന സംരക്ഷണം

ചോദ്യം

ശ്രീ.പി.കെ.ബഷീർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരാലംബരായ വയോജനങ്ങളുടെയും മക്കൾ ഉണ്ടായിട്ടും സംരക്ഷിക്കപ്പെടാത്ത വയോജനങ്ങളുടെയും സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെയായി ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | നിരാലംബരായ വയോജനങ്ങളുടെ സംരക്ഷണത്തിനായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. (11 വൃദ്ധസദനങ്ങളും 4 വൃദ്ധ വികലാംഗ സദനങ്ങളും ഒരു ഡിമെൻഷ്യാകെയർ സെന്റർ & വൃദ്ധസദനവും) ഈ വൃദ്ധസദനങ്ങളിലൂടെ നിരാലംബരായ വൃദ്ധർക്ക് ആഹാരം, മരുന്ന്, വസ്ത്രം മറ്റു ദൈനംദിന ചെലവുകൾ എന്നിവ സൗജന്യമായി നൽകി വരുന്നു.<br>ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസിക്കുന്ന താമസക്കാർക്ക് ആയുർവേദ ചികിത്സയായി വയോ അമൃതം എന്ന ഒരു പദ്ധതി, ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. 65 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്കായി വയോമിത്രം എന്ന പേരിൽ ഒരു ആരോഗ്യ സംരക്ഷണ പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്നു. |
| (ബി) | വൃദ്ധരായ മാതാ പിതാക്കളെ സംരക്ഷിക്കാത്തതിന്റെ പേരിൽ എത്ര മക്കൾക്കെതിരെ കേസെടുത്തിട്ടുണ്ട്; എത്ര പേരുടെ സ്വത്തുവകകൾ കണ്ടുകെട്ടിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നിയമനടപടികൾ കർശനമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നിയമ നടപടികൾ കർനമാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതിനും നിയമക്കെക്കുറിച്ച് ജനങ്ങളിൽ ബോധവത്ക്കരണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**